ജൂനിയർ അഗ്രിക്കൾച്ചർ ഓഫീസർ തസ്തികകളിലെ നിയമനം

* 504 [534] ശ്രീ. കെ. സുകുമാരനുണ്ണി:
,, കെ. പി. നൂറുദ്ദീൻ:
,, എൻ. പി. മൊയ്തീൻ:
,, കെ. പി. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ന് നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് കൃഷി ഡിപ്പാർട്ടുമെന്റിലെ ജൂനിയർ അഗ്രിക്കൾച്ചർ ഓഫീസർ തസ്തികകളിലേക്ക് കഴിഞ്ഞ രണ്ടു കൊല്ലമായി അഗ്രിക്കൾച്ചർ ബിരുദധാരികൾക്ക് നിയമനം ലഭിച്ചിട്ടില്ലാ എന്ന പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അങ്ങനെ നിയമനം ലഭിക്കാതിരിക്കാൻ കാരണം എന്ത്;

(ബി) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്കും അഗ്രിക്കൾച്ചർ ഡെമോൺസ്ട്രേറ്റർമാർക്കും, ജൂനിയർ അഗ്രിക്കൾച്ചർ ആഫീസർമാരായി നിയമനം നൽകുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിലേക്ക് സ്വീകരിച്ച അടിസ്ഥാന വ്യവസ്ഥകൾ എന്തെല്ലാം; നിയമനരീതി എന്ത്;

(ഡി) ഈ വ്യവസ്ഥകൾക്ക് വിപരീതമായി നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ട്?

കൃഷിവകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ആകെ ഉണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനം അഗ്രിക്കൾച്ചർ ഡെമോൺസ്ട്രേറ്റർമാർക്കും മറ്റൊരു 10 ശതമാനം വില്ലേജ് എക്സ്റ്റൻഷൻ ആഫീസർമാർക്കുമായി നീക്കിവച്ചിരിക്കുകയാണ്. പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ജൂനിയർ അഗ്രിക്കൾച്ചർ ആഫീസേഴ്സ് പരീക്ഷ പാസാകുന്ന ഇവരെ അവരുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ അവർക്കു നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ നിയമിക്കും.

(ഡി) ഈ വ്യവസ്ഥകൾക്കു വിപരീതമായി നിയമനങ്ങൾ നടത്തിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. കെ. സുകുമാരനുണ്ണി: കേരളത്തിൽ ബി.എസ്.സി. (അഗ്രിക്കൾച്ചർ) ബിരുദം എടുത്ത ജോലിയില്ലാത്ത ആരും ഇല്ലെന്നാണ് (എ) യുടെ ഉത്തരംകൊണ്ട് മനസ്സിലാകുന്നത്. ഇപ്പോൾ അങ്ങനെ പാസായ ആളുകൾ ഉള്ളതായി ആവലാതികളിൽനിന്നു മനസ്സിലായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ ഇവരെ നിയമിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: ആകെക്കൂടി ഏകദേശം 100 ജൂനിയർ അഗ്രിക്കൾച്ചർ ആഫീസർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. താൽക്കാലികമായിട്ടു നിയമനം നടത്തുന്നതിനുപോലും ഇപ്പോൾ യോഗ്യതയുള്ളവർ ഇല്ല. 75 ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്തിട്ട് 35 പേരുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. അതിൽ 5 പേർ മാത്രമാണ് ഇൻറർവ്യൂവിന് ഹാജരായത്. 3.3.1979 ൽ 17 പേരെ ഇൻറർവ്യൂവിന് ക്ഷണിച്ചിട്ട് ഒരാൾമാത്രമേ ഹാജരായുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുകുമാരനുണ്ണി: 200 ഓളം ഏലാ തുറക്കാൻ നടപടി യെടുത്തുവെന്നു പറഞ്ഞു. വില്ലേജ് എക്സ്റ്റെൻഷൻ ആഫീസർ മാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. അങ്ങനെയുള്ള ആളുകളെ ഏതെങ്കിലും സംവിധാനമേർപ്പെടുത്തി അവിടെ നിയമിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: നോക്കാം.

(ചോദ്യം 535 ചോദിച്ചില്ല)

ശുദ്ധജല വിതരണപദ്ധതികളുടെ പണി

* 505 [536] ശ്രീ. റ്റി. എച്ച്. മുസ്തഫ:
,, കെ. രാഘവൻ മാസ്റ്റർ:
,, എം. വി. രാജൻ:
,, പി. ബാലൻ:
,, എൻ. ഐ. ദേവസ്സിക്കുട്ടി:
,, തെന്നല ബാലകൃഷ്ണപിള്ള:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും ശുദ്ധജല വിതരണ പദ്ധതികളുടെ പണി മുടങ്ങിക്കിടക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം;

(സി) പണിനടത്താൻ താമസിക്കുന്നതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): സർ,

(എ) ഉണ്ട്.

(ബി) പള്ളിത്തുറ റീഹാബിലിറേഷൻ സെന്റർ ശുദ്ധജല വിതരണ പദ്ധതി
നഗരൂർ ,,
ചെട്ടിക്കാട് ,,
കഞ്ഞിക്കുഴി ,,
ചേലക്കര ,,
വടക്കാഞ്ചേരി ,,
എങ്കക്കാട് ,,
തോളൂർ ,,
പെരള ,,

(സി) നഗരൂർ പദ്ധതി കരാറുകാരന്റെ മരണം മൂലവും പള്ളിത്തുറ ചെട്ടിക്കാട്, കഞ്ഞിക്കുഴി എന്നീ പദ്ധതികളും കരാറുകാരുടെ അനാസ്ഥ മൂലവും മുടങ്ങിക്കിടക്കുന്നു. എങ്കക്കാട്, തോളൂർ എന്നീ പദ്ധതികളും കരാറുകാർ ഉപേക്ഷിച്ചുപോയിരിക്കുകയാണ്. ചേലക്കര, വടക്കാഞ്ചേരി എന്നീ പദ്ധതികളുടെ പണികളും, ഉറവിടമായ പെരുകാട് ജലസേചന അണക്കെട്ട് ജലസേചനവകുപ്പിൽനിന്ന് ആരംഭിച്ചിട്ടില്ലാത്തതിനാലും പെരള പദ്ധതി കോടതിനടപടികളും മൂലവും മുടങ്ങിക്കിടക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly